# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1522 10-02-2020-ന് മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ കൃഷി വകുപ്പ് പ്രവൃത്തികൾ

| ചോദ്യം<br><br>ശ്രീ. പി.കെ.ശശി | ഉത്തരം<br><br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| റീബിൽഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കൃഷി വകുപ്പു മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ 'അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതിക്ക്' (Comprehensive and Sustainable Agriculture Development Project for Attappady) സ.ഉ.(കൈ)/34/2019/ആ.സാ.വ തീയതി 12.12.2019 പ്രകാരം 7.99 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ 192 പട്ടികവർഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല 2 പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. പൂർണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് അട്ടപ്പാടിയിലെ പട്ടിക വർഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.<br><br>പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്:<br><br>• ചെറുധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി വർധിപ്പിക്കുക:- ഏകദേശം 2,000 ഹെക്ടർ സ്ഥലത്തു ജൈവകൃഷി മുറകൾ പ്രയോഗിച്ചു സുസ്ഥിരമായ കാർഷികോൽപാദനമാണ് ഇത് വഴി ഉദ്ദേശിക്കുന്നത്.<br>• കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക:- വന്യമേഖലയിൽ കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗ ശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ച വേലികൾ ചെയ്യാനുദ്ദേശിക്കുന്നു. കാട്ടാന ശല്യം ഒഴിവാക്കുന്നതിനു തേനീച്ച |

| | |
|---|---|
| | വേലികൾ ഫലപ്രദമാണെന്നു കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽനിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗവുമാണ്.<br>• പൂർണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനു വേണ്ടി ജൈവകൃഷിക്ക് സഹായകമാവുന്ന ജൈവ കീടനാശിനികളും ജീവാണുവളങ്ങളും നൽകുക.<br>• ഇത്തരത്തിൽ കൃഷി ചെയ്തു വരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കുവാനും വിപണന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>• അട്ടപ്പാടിയിലെ തനതു വിത്തുകൾ സംരക്ഷിക്കുന്നതിനു വേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുക:- ഇരുപത് ഊരുകളിലായാണ് ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. സീഡ് ബാങ്കുകളിലൂടെ ചെറുധാന്യങ്ങൾ, പയറു വർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ വിത്തുകൾ ശേഖരിച്ചു വയ്ക്കുന്നതാണ്.<br>• കാർഷിക ഉൽപന്നങ്ങളുടെ, പ്രത്യേകിച്ച് ചെറു ധാന്യങ്ങളുടെ മൂല്യവർധനവിനു വേണ്ടിയുള്ള സഹായം നൽകുക:- ജൈവകൃഷിരീതിയിൽ ഇവയുടെ ഉൽപാദനക്ഷമത കുറവായതിനാൽ മൂല്യവർധനവിലൂടെ കർഷകർക്ക് കൂടുതൽ നേട്ടങ്ങൾ ഇതു വഴി കൈവരിക്കാനാകും.<br>• ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമസൂചിക പട്ടം ലഭിക്കുന്നതിനും വേണ്ടിയുള്ള സഹായം നൽകുക:- ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ 40 ഊരുകളിൽ ആരംഭിക്കുകയും അവയ്ക്ക് സി-1 സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 30 ഊരുകളിൽ ഓർഗാനിക് സർട്ടിഫിക്കേഷനുള്ള നടപടികൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതാണ്. അട്ടപ്പാടിയിലെ തനതു വിളകളായ 'ആറ്റുകൊമ്പു അവര', 'അട്ടപ്പാടി തുവര' എന്നിവയ്ക്ക് ഭൗമസൂചികപട്ടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടി കടുക്, പൊരി ചീര എന്നിവയ്ക്കും ഭൗമസൂചികപട്ടം ലഭിക്കുവാനുള്ള നടപടികൾ പദ്ധതിയിലൂടെ സ്വീകരിക്കുന്നതാണ്.<br><br>ഉപരിപദ്ധതിക്കു പുറമെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുള്ള 'കേരളത്തിലെ വിപണി ശൃംഖലയുടെ ശാക്തീകരണം' എന്ന പദ്ധതിയും പാലക്കാടു ജില്ലയ്ക്ക് പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ